**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 45** | **13-01-2021-ൽ മറുപടിക്ക്**

## വിനോദസഞ്ചാരമേഖല പുനരുജ്ജീവിപ്പിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ<br>ശ്രീ. ആർ.രാജേഷ്<br>ശ്രീ. ഒ . ആർ. കേളു<br>ശ്രീ . എം . മുകേഷ് | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഗണ്യമായ പങ്കുള്ള വിനോദസഞ്ചാരമേഖല കോവിഡ് മഹാമാരിയെത്തുടർന്ന് സമ്പൂർണ്ണമായി സ്തംഭിച്ചത് പുനരാരംഭിക്കാൻ വേണ്ട നടപടി സ്വീകരിച്ചിരുന്നോയെന്ന് അറിയിക്കുമോ; | (എ) | കോവിഡ് മഹാമാരിയെ തുടർന്ന് സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖല പൂർണ്ണമായി അടച്ചിടേണ്ടുന്ന അവസ്ഥ വരികയും ഇത് മൂലം സംസ്ഥാനത്തിന് ടൂറിസം മേഖലയിൽ നിന്നും ലഭിക്കേണ്ടുന്ന വരുമാനം തീരെ ഇല്ലാതാവുകയും ഉണ്ടായി. ഘട്ടം ഘട്ടമായി ലോക്ക് ഡൗൺ പിൻവലിച്ച സാഹചര്യത്തിൽ ടൂറിസം മേഖലയിൽ ജോലിചെയ്യുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ജീവിത സാഹചര്യം കണക്കിലെടുത്ത് കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ രണ്ടു ഘട്ടങ്ങളായി തുറന്നു കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. സർക്കാർ ഉത്തരവ് (സാധാ) നം.319/2020/ടൂറിസം തീയതി:10/10/2020 പ്രകാരം ആഭ്യന്തര ടൂറിസത്തെ കോവിഡ് സാഹചര്യത്തിൽ നിന്നും കരകയറ്റുന്നതിനായി കോവിഡ് പ്രോട്ടോകോൾ പാലിച്ച് ആഭ്യന്തര ടൂറിസ്റ്റുകൾക്ക് സംസ്ഥാനം സന്ദർശിക്കുന്നതിന് അനുമതി നൽകി. ഏഴ് ദിവസം വരെ സന്ദർശനം നടത്തുന്ന ആളുകൾക്ക് ക്വാറന്റീനിൽ പ്രവേശിക്കുന്നതിൽ നിന്നും ഇളവ് അനുവദിക്കുകയുണ്ടായി. ഇത് പ്രകാരം സംസ്ഥാനത്തേക്ക് ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ലക്ഷ്യമിട്ടിരുന്നു. സർക്കാർ ഉത്തരവ് (സാധാ) നം.320/2020/ടൂറിസം തീയതി:10/10/2020 |

| | | | |
|---|---|---|---|
| | | | പ്രകാരം കോവിഡ് പ്രോട്ടോകോൾ മാനദണ്ഡങ്ങൾ പാലിച്ച് സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ രണ്ടു ഘട്ടങ്ങളായി തുറന്നു കൊടുക്കുവാൻ സർക്കാർ തീരുമാനിക്കുകയും, ആദ്യ ഘട്ടത്തിൽ സഞ്ചാരികളെ നിയന്ത്രിക്കുവാൻ സാധിക്കുന്ന തരത്തിലുള്ള കേന്ദ്രങ്ങൾ (ഹൗസ് ബോട്ട്, അഡ്വഞ്ചർ ടൂറിസം മേഖലകൾ, ഹിൽ സ്റ്റേഷനുകൾ എന്നിവ) 10/10/2020 മുതൽ തുറന്നു കൊടുക്കുന്നതിനും. തുടർന്ന് സഞ്ചാരികൾ അധികമായി എത്തുന്ന ടൂറിസം കേന്ദ്രങ്ങൾ (ബീച്ചുകൾ, വാക് വേ എന്നിവ) 01/11/2020 മുതൽ തുറന്ന് കൊടുക്കുന്നതിനും ഉത്തരവായിരുന്നു. കോവിഡ് പ്രോട്ടോകോൾ നിർബന്ധമായും പാലിക്കുന്നതിനും, ആളുകളെ കർശനമായി നിയന്ത്രിച്ചും വേണം ഇപ്രകാരം ടൂറിസം കേന്ദ്രങ്ങൾ തുറക്കേണ്ടതെന്ന് സർക്കാർ ഉത്തരവിൽ കർശനമായി നിർദ്ദേശിച്ചിരുന്നു. സർക്കാർ ഉത്തരവ് (സാധാ) നം. 11/2021/ടൂറിസം തീയതി 08-01-2021 പ്രകാരം കോവിഡ് പ്രോട്ടോക്കോളും നിലവിലെ മാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ട് ഹോട്ടലുകളിലേയും റിസോർട്ടുകളിലേയും സ്പായും ആയുർവേദ സെന്ററുകളും വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>ഈ സ്തംഭനാവസ്ഥയിൽ നിന്നും ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ക്യാമ്പയിനുകളിൽ റേഡിയോ, പ്രിൻറ്, ടിവി, ഓൺലൈൻ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഉൾപ്പെടുന്നു. "ചേഞ്ച് ഓഫ് എയർ" എന്ന തീമിനെ ആസ്പദമാക്കിയാണ് ക്യാമ്പയിനുകൾ തയ്യാറാക്കിയിരിക്കുന്നത്. കോവിഡ് മഹാമാരിക്ക് ശേഷമുള്ള ടൂറിസം മേഖലയുടെ ഉണർവിന് ഈ ക്യാമ്പയിനുകൾ സഹായകരമായി മാറും. |
| (ബി) | രോഗവ്യാപനസാധ്യത തടയാനുള്ള മുൻകരുതൽ സ്വീകരിച്ചുകൊണ്ടാണോ വിനോദസഞ്ചാരകേന്ദ്രങ്ങൾ തുറന്നിട്ടുള്ളത്; | (ബി) | സർക്കാർ ഉത്തരവ് (സാധാ) നം. നം.320/2020 /ടൂറിസം തീയതി:10/10/2020 പ്രകാരം ടൂറിസം കേന്ദ്രങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ടുന്ന കർശന നിർദ്ദേശങ്ങൾ വ്യക്തമാക്കിയിരുന്നു. ആയത് പ്രകാരം ടൂറിസം കേന്ദ്രങ്ങളിൽ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട അധികാരികളെ ചുമതലപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു. |
| (സി) | വിനോദസഞ്ചാരമേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും എന്തെല്ലാം സാമ്പത്തികപിന്തുണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദ സഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകുന്നതിനു വേണ്ടി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സ്കീം, ടൂറിസം എംപ്ലോയ് മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കി വരുന്നു. കൂടാതെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ ലൈസൻസികൾക്ക് സ്ഥാപനങ്ങൾ അടഞ്ഞ് കിടന്നകാലത്തെ വാടക ഇളവ് അനുവദിക്കുകയും ലീസ് വ്യവസ്ഥയിൽ നൽകിയ സ്ഥാപനങ്ങൾക്ക് അവ അടച്ചിട്ടകാലം കണക്കാക്കി കരാർ കാലാവധി നീട്ടി നൽകുന്നതിനും 07-01-2021 ലെ സ.ഉ(കൈ) നമ്പർ 1/2021/ടൂറിസം പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് വിനോദസഞ്ചാരമേഖലയിൽ എത്ര വരുമാനനഷ്ടം ഉണ്ടായിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; | (ഡി) | 2019 വർഷത്തെ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ 2020 കലണ്ടർ വർഷം ഉള്ള വരുമാന നഷ്ടം ആണ് വകുപ്പ് താൽകാലികമായി എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളത്. പ്രസ്തുത കാലയളവിലെ നഷ്ടം ഏകദേശം 30,000 കോടി രൂപയായാണ് കണക്കാക്കിയിട്ടുള്ളത് .<br>2020 വർഷത്തെ മുഴുവൻ കണക്കുകളും ലഭ്യമായാൽ മാത്രമേ 2019 വർഷവുമായി താരതമ്യപ്പെടുത്തി യഥാർത്ഥ നഷ്ട കണക്കുകൾ ലഭ്യമാക്കാൻ കഴിയുകയുള്ളൂ. |
| (ഇ) | സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയുടെ പുനരുജ്ജീവനത്തിന് കേന്ദ്രസർക്കാരിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയുടെ പുനരുജ്ജീവനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും വിനോദസഞ്ചാര വകുപ്പിന് നേരിട്ട് ധനസഹായം ലഭിച്ചിട്ടില്ല |

**സെക്ഷൻ ഓഫീസർ**